

റിപ്പോർട്ട്

**ഇന്ത്യയിലേറ്റവും ജൈവസമ്പന്നമായ തെക്കൻ പശ്ചിമഘട്ടത്തിലെ കാടുകൾ നഷ്ടപ്പെടുത്തി വയനാട്ടിലേക്ക് ഒരു ചുരം കൂടി ആവശ്യമുണ്ടോ? നിർദ്ദിഷ്ട കുഞ്ഞോം – വിലങ്ങാട് ചുരം റോഡിന് പിന്നിൽ പ്രവർത്തിക്കുന്നത് ആരുടെ താത്പര്യങ്ങളാണ്? നികത്താനാകുമോ ഈ റോഡു ണ്ടാക്കുന്ന പാരിസ്ഥിതിക നഷ്ടം? ഒരു അന്വേഷണം.**

# മലതുരന്ന് വയനാട്ടിലേക്ക് ഇനിയും ചുരമോ?

കോഴിക്കോട് ജില്ലയുടെ വടക്കുകിഴക്കായി കണ്ണൂരിന്റെയും വയനാടിന്റെയും അതിരിനോട് ചേർന്നുള്ള പ്രദേശമാണ് വിലങ്ങാട്. ഇവിടെനിന്നും വയനാട്ടിലെ കുഞ്ഞോം എന്ന സ്ഥലത്തേക്ക് ഒരു റോഡ് വേണം എന്ന ആവശ്യം പ്രദേശത്തെ ജനങ്ങളിൽനിന്നും പ്രത്യേകിച്ച് വിലങ്ങാട് പ്രദേശത്തുനിന്നും ഉയരാൻ തുടങ്ങിയിട്ട് കുറച്ചു കാലമായി. പക്ഷേ ഈ രണ്ടു ദേശങ്ങൾ പശ്ചിമ ഘട്ടത്തിന്റെ കിഴക്കും പടിഞ്ഞാറുമാണ് എന്നതും മലഞ്ചെരിവുകളിലെ ഇടതൂർന്ന മഴക്കാടുകളുടെ സാന്നിധ്യവും പദ്ധതിക്ക് തടസ്സമായി നിൽക്കുന്നു. എങ്കിലും പ്രദേശത്തെ വ്യാപാരി വ്യവസായികളുടെയും ചില പ്രാദേശിക രാഷ്ട്രീയ, സമുദായ നേതൃത്വത്തിന്റെയും സമ്മർദ്ദഫലമായി റോഡ് നിർമ്മാണത്തിനാവശ്യമായ ഭൂമി സർവ്വേ നടത്താൻ വനം വകുപ്പ് ഈയിടെ അനുമതി മൽകി. സർവ്വേ നടന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ പ്രദേശത്തിന്റെ പാരിസ്ഥിതിക പ്രാധാന്യം പൊതുസമൂഹം തിരിച്ചറിയേണ്ടതുണ്ട്.

വിരലിലെണ്ണാവുന്ന കച്ചവട സ്ഥാപനങ്ങൾ മാത്രമുള്ള വളരെ ചെറിയ അങ്ങാടിയാണ് കുഞ്ഞോം. വിലങ്ങാടിന്റെ സ്ഥിതിയും ഇതിൽനിന്നും ഏറെ വ്യത്യസ്തമല്ല. വർഷങ്ങളായി ഇവിടങ്ങളിൽ മനുഷ്യർ ജീവിക്കുന്നുണ്ടെങ്കിലും ദൈനംദിന ആവശ്യങ്ങളുടെ നിർവ്വഹണത്തിനായി ഈ ദേശക്കാർക്ക് പരസ്പരം ബന്ധപ്പെടേണ്ടതായി വരുന്നില്ല. ഈ കാരണത്താൽ റോഡിനു വേണ്ടിയുള്ള ആവശ്യത്തിനു പിന്നിൽ പ്രധാനമായും വ്യാപാര താല്പര്യമാണ് പ്രവർത്തിക്കുന്നത് എന്നു കാണാം. വർഷങ്ങളായി ഈ രണ്ട് പ്രദേശങ്ങളെ ബന്ധപ്പെടുത്തിയിരുന്ന മാനന്തവാടി –കുറ്റ്യാടി ചുരം റോഡ് ഇവിടെനിന്നും ഏറെ അകലത്തിലല്ല. പുതിയ റോഡ് വരുന്നതോടെ, നിലവിൽ കുറ്റ്യാടിയെ ആശ്രയിക്കുന്ന വയനാട്ടുകാരിൽ ഒരു ഭാഗത്തിനെ അടർത്തിമാറ്റി നാ

ദാപുരത്തിന്റെ കച്ചവടസാധ്യത വർദ്ധിപ്പിക്കാം എന്നാണ് ഒരു കൂട്ടം വ്യാപാരികളുടെ കണക്കുകൂട്ടൽ. ഈ ആവശ്യത്തിനായി പ്രസ്തുത പദ്ധതിയുടെ നടത്തിപ്പ് ചെലവിന്റെ വലിയ ഒരു ഭാഗവും അവർ വാഗ്ദാനം ചെയ്തിരിക്കുന്നു. വടക്കേ വയനാട് ഫോറസ്റ്റ് ഡിവിഷൻ ഏരിയ റേഞ്ചിനു കീഴിലുള്ള പാനോത്ത് സെക്ഷനിലാണ് മേൽ പറഞ്ഞ വനഭൂമി സ്ഥിതിചെയ്യുന്നത്. 3500 ഹെക്ടർ വരുന്ന പാനോത്ത് സെക്ഷന്റെ 300 ഹെക്ടറും സംരക്ഷിച്ച് പരിപാലിക്കുന്നത് കുഞ്ഞോം ആദിവാസി വന സംരക്ഷണ സമിതിയാണ് (എ വി എസ് എസ്). തടിയിതര വനവിഭവ ശേഖരണത്തിലൂടെയും മറ്റ് വനസംരക്ഷണപ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തിയുമാണ് ഇവിടുത്തെ വലിയൊരു വിഭാഗം ആദിവാസികളുടെ ഉപജീവനം നടക്കുന്നത്. കൂടാതെ ഈ 3000 ഹെക്ടറിലെ 1000 ഹെക്ടർ സ്ഥലം സംരക്ഷിത ജനിതക സഞ്ചയം (ജീൻ പുൾ കൺസർവേഷൻ ഏരിയ) ആയി സംരക്ഷിച്ച് വരുന്നതുമാണ്. ഈ പ്രദേശത്ത് മനുഷ്യന്റെ നേരിയ ഇടപെടൽ പോലും ഒഴിവാക്കേണ്ടതുമാണ്.

മയ്യഴിപ്പുഴ, അഞ്ചരക്കണ്ടിപ്പുഴ, കുറ്റ്യാടിപ്പുഴ, കബനി എന്നീ നാല് പുഴകളെ പരിപോഷിപ്പിക്കുന്ന കൈവഴികൾ ഈ പ്രദേശത്തു നിന്നും ഒഴുകി തുടങ്ങുന്നു. റോഡ് നിർമ്മിക്കപ്പെട്ടാൽ, പശ്ചിമഘട്ടത്തിന്റെ ചരിവുകളിൽ ഉണ്ടാക്കേണ്ട ഹെയർപിൻ വളവുകൾ കൂടാതെ തന്നെ ഏഴ് കിലോമീറ്റർ നീളം ആവശ്യമായി വരും. ഈ ദൂരത്തിൽ മാത്രം റോഡ് 15 നീർചാലുകളെ മുറിച്ചുകൊണ്ടാണ് കടന്നുപോവുക. ഇതിൽ 10 എണ്ണം വർഷത്തിൽ 365 ദിവസവും ഒഴുകുന്നത് ആണ്.

**കുഞ്ഞോം വിലങ്ങാട് റോഡിനുവേണ്ടി വാദിക്കുന്നവർ ഇതിനെ വിശേഷിപ്പിക്കുന്നതു ചുരം ബദൽ റോഡ് എന്നാണ്. പശ്ചിമഘട്ടത്തിന് വയനാട്ടിൽ ഉയരം പരമാവധി കുറഞ്ഞ ചരിവിലൂടെ കടന്നുവരുന്നതുകൊണ്ടാണിതിനെ ഇങ്ങനെ വിളിക്കുന്നത്. എന്നാൽ വടക്കേ വയനാടിന്റെ പ്രധാന ഭാഗങ്ങളിലെല്ലാം പെയ്യേണ്ട മഴമേഘങ്ങൾ കടന്നുവരുന്ന ഒരു പ്രധാന ഗേറ്റ്വേ കൂടിയാണ് ഈ താഴ്ന്ന പ്രദേശം. വയനാട്ടിലെ പത്ത് പഞ്ചായത്തുകളിലെങ്കിലും പെയ്യുന്ന മഴമേഘങ്ങൾ ഈ ഗേറ്റ് വേയിൽ കൂടി കടന്നുവരുന്നുണ്ട്. മേഘങ്ങളുടെ ഈ വഴിയിലെ മഴക്കാടുകൾ നശിപ്പിച്ച് ഏതെങ്കിലും തരത്തിലുള്ള നിർമ്മാണപ്രവർത്തനത്തിനു തുനിഞ്ഞാൽ വരുംവർഷങ്ങളിൽ വടക്കേ വയനാട്ടിൽ കൊടും വരൾച്ചയും കാർഷിക പ്രതിസന്ധിയും കാർഷിക ആത്മഹത്യയുമായിരിക്കും ഫലം.**

കുഞ്ഞോം – വിലങ്ങാട് റോഡിനുവേണ്ടി വാദിക്കുന്നവർ ഇതിനെ വിശേഷിപ്പിക്കുന്നതു ചുരം ബദൽ റോഡ് എന്നാണ്. പശ്ചിമഘട്ടത്തിന് വയനാട്ടിൽ ഉയരം പരമാവധി കുറഞ്ഞ ചരിവിലൂടെ കടന്നുവരുന്നതുകൊണ്ടാണിതിനെ ഇങ്ങനെ വിളിക്കുന്നത്. എന്നാൽ വടക്കേ വയനാടിന്റെ പ്രധാന ഭാഗങ്ങളിലെല്ലാം പെയ്യേണ്ട മഴമേഘങ്ങൾ കടന്നുവരുന്ന ഒരു പ്രധാന ഗേറ്റ്വേ കൂടിയാണ് ഈ താഴ്ന്ന പ്രദേശം. വയനാട്ടിലെ പത്ത് പഞ്ചായത്തുകളിലെങ്കിലും പെയ്യുന്ന മഴമേഘങ്ങൾ ഈ ഗേറ്റ് വേയിൽ കൂടി കടന്നുവരുന്നുണ്ട്. മേഘങ്ങളുടെ ഈ വഴിയിലെ മഴക്കാടുകൾ നശിപ്പിച്ച് ഏതെങ്കിലും തരത്തിലുള്ള നിർമ്മാണപ്രവർത്തനത്തിനു തുനിഞ്ഞാൽ വരുംവർഷങ്ങളിൽ വടക്കേ വയനാട്ടിൽ കൊടും വരൾച്ചയും കാർഷിക പ്രതിസന്ധിയും കർഷക ആത്മഹത്യയുമായിരിക്കും ഫലം. മഴക്കാടുകളിലെ മരങ്ങൾക്ക് ആഴത്തിൽ വേരുകളില്ല. ഒരു മരം മറിഞ്ഞുവീണോ ഒരു കമ്പ് ഒടിഞ്ഞുവീണോ ഉണ്ടാകുന്ന വിടവിലൂടെ കാറ്റു കടന്നാൽ മാത്രം മതി, ഒരു വലിയ പ്രദേശത്തെ കാടു മുഴുവൻ തുറന്നുപോകും. അപ്പോൾ റോഡിനുവേണ്ടി നെടുനീളത്തിൽ കാടുവെട്ടി തുറന്നാലുള്ള അവസ്ഥയോ?

നിർദ്ദിഷ്ടറോഡ് പലയിടത്തും കടന്നുപോകുന്നത് കൃത്യം നീർമറി രേഖയിലൂടെയാണ്. മാത്രമല്ല ദീർഘദൂരത്തിൽ നീർച്ചാലിനു സമാന്തരമായി തൊട്ടുമുകളിലൂടെയും (പലയിടത്തും 45 ഓളം ചരിവുള്ള പ്രദേശം) റോഡിനുവേണ്ടി നടത്തേണ്ടി വരുന്ന വൻതോതിലുള്ള മണ്ണിടിക്കലും, പാറപൊട്ടിക്കലും കാടുവെട്ടലും കൂടിയായാൽ നല്ലതണ്ണി അടക്കമുള്ള നീർച്ചാലുകൾ നശിപ്പിക്കപ്പെട്ട് മയ്യഴിപ്പുഴയിലെ നീരൊഴുക്കിനേയും വെള്ളത്തിന്റെ ഗുണനിലവാരത്തേയും അത് പ്രതികൂലമായി ബാധിക്കും. തെളിനീരൊഴുകുന്ന നീർച്ചാലുകളെല്ലാം കലങ്ങിയൊഴുകുന്നതിനും വൻതോതിലുള്ള മണ്ണൊലിപ്പിനും ഇത് കാരണമായിത്തീരും. നീരൊഴുക്കിന്റെ സ്വാഭാവിക മാർഗ്ഗങ്ങൾ അടക്കപ്പെടുകയാണെങ്കിൽ പടിഞ്ഞാറൻ ചരിവിലെ ജനജീവിതം ഉരുൾപൊട്ടലിന്റെ ഭീഷണിയിൽ കഴിഞ്ഞുകൂടേണ്ടിവരും. റോഡ് നിർമ്മാണ സമയത്ത് നടത്തുന്ന ബ്ലാസ്റ്റിംഗ് ഇതിന്റെ ആക്കം കൂട്ടും.

നിർദ്ദിഷ്ട റോഡിനിരുവശവും ആകാശംമുട്ടെ വളർന്നു നിൽക്കുന്ന ഭീമാകാരൻ മരങ്ങളായ മലമ്പുന്ന, ചുരുളി, ഇരുമ്പകം, ചീനി, വെള്ള പൈൻ എന്നിവ കൂടാതെ നൂറുകണക്കിന് മറ്റിനം മരങ്ങളുമുണ്ട്. ഇവ മുറിച്ച് നീക്കിയും, മണ്ണിടിച്ചു നിരത്തിയും പാറപൊട്ടിച്ചും റോഡ് നിർമ്മാണത്തിനു തുനിയുന്നത് വരും തലമുറയോടും ജീവലോകത്തോടും ഒരു നീതിബോധമുള്ള സമൂഹം ചെയ്യാൻ പാടില്ലാത്തതുമാകുന്നു. നീതിയേയും നിലനിൽപ്പിനേയും മാറ്റിവച്ച് കച്ചവടസംസ്കാരത്തിനു പിന്നാലെ പോയവർക്ക് കിട്ടുന്ന തിരിച്ചടികൾ ലോകം മുഴുവൻ ഏറ്റവും പ്രകടമായി പ്രത്യക്ഷപ്പെടുന്ന കാലംകൂടിയാണിത്.

പശ്ചിമഘട്ടത്തിനു കുറുകെ മനു


ഷ്ന്റെ യാത്ര സുഗമമാക്കാൻ വേണ്ടി നിർമ്മിക്കപ്പെട്ടിട്ടുള്ള റോഡുകളെല്ലാം തന്നെ ആനകളുടെ സഞ്ചാരസ്വാത ന്ത്ര്യത്തെ തടസ്സപ്പെടുത്തിയിട്ടുണ്ട്. സ ഹ്യപർവ്വതത്തിലെ ഓരോ പാതകളും 'സഹ്യന്റെ മക്കളുടെ' വഴിയടപ്പിക്കുന്ന വയായിരുന്നു. ഈ റോഡ് സാദ്ധ്യമാ കുന്നതോടെ ഇവിടെവെച്ച് ആനകളു ടെ തെക്കുവടക്ക് സഞ്ചാരം മുറിക്ക പ്പെടും. സമീപത്തെ ജനവാസകേന്ദ്ര ങ്ങളിലും കൃഷിയിടങ്ങളിലും ആനയും മനുഷ്യരും തമ്മിലുള്ള സംഘർഷം കൂ ടി കൂടി വരും. വനത്തിന്റെ തുടർച്ച നഷ്ടമാക്കി തുണ്ടുതുണ്ടുകളാക്കി തീർക്കുമ്പോൾ അതിന്റെ പാരിസ്ഥി തിക ധർമ്മം നിർവ്വഹിക്കാൻ കാടുകൾ ക്കു കഴിയാതെ വരും.

## പ്രദേശത്തിന്റെ ജൈവവൈവിദ്ധ്യം

ഇന്ത്യയിലേറ്റവും ജൈവസമ്പന്ന മായ തെക്കൻ പശ്ചിമഘട്ടത്തിലെ കാ ടുകളുടെ ഭാഗമായിട്ടുള്ളതാണ് ഈ പ്രദേശവും. കേരളത്തിലെ എല്ലാ ആ വാസ വ്യവസ്ഥകളിലും കൂടി കണ്ടെ ത്തിയിട്ടുള്ള 97 ഇനം സസ്തനികളിൽ 36 ഇനങ്ങളെ ഇവിടെ കണ്ടെത്തിയി ട്ടുണ്ട്. ഇവയിൽ പലതും ലോകത്തിൽ പശ്ചിമഘട്ടത്തിലല്ലാതെ മറ്റെങ്ങും കാ ണാൻ കഴിയാത്തവയാണ്. പശ്ചിമഘ ട്ടത്തിലെ സ്ഥാനീയജീവിയും അപൂർ വ്വമായി മാത്രം കണ്ടിട്ടുള്ളതുമായ 'നീ ലഗിരി മാർട്ടിൻ' നെ കാണാൻ കഴി യുന്ന കേരളത്തിലെ ചുരുക്കം സ്ഥ ലങ്ങളിലൊന്നാണിവിടം. നീർനായയു ടെ കുടുംബക്കാരനും മരത്തിൽ ക യറുന്ന സ്വഭാവക്കാരനുമായ മാർട്ടിനെ (മരനായ്) പ്രദേശവാസികൾ തേങ്കോ ലൻ എന്നാണ് വിളിക്കുന്നത്. കൂടാ തെ സിംഹവാലൻ കുരങ്ങിനേയും ഇ വിടെ കണ്ടെത്തിയിട്ടുണ്ട്.

കേരളത്തിലെ 483 ഇനം പക്ഷി കളിൽ 136 ഇനത്തേയും ഈ വനപ്ര ദേശത്ത് കണ്ടെത്തിയിട്ടുണ്ട്. അടുത്ത കാലത്ത് ഈ വനപ്രദേശത്ത് തന്നെ യാണ് സിലോൺ ഫോഗ് മൗത്തിന്റെ (മാക്കാച്ചിക്കാട) കൂട് കണ്ടെത്തിയ തും. ഇതും കേരളത്തിലെ എണ്ണപ്പെ ട്ട റെക്കോർഡുകളിലൊന്നാണ്. 11 ഇ നം പാമ്പുകളേയാണ് ഈ പ്രദേശ ത്ത് ഇതുവരെ കണ്ടെത്തിയിരുന്നത്.

**കാർട്ടൂൺ** **വി.എസ്. ഗിരീശൻ**



അടുത്തകാലത്തായി ഈ പ്രദേശത്ത് കണ്ടെത്തിയ യെല്ലോ സ്ട്രിപ്പ് ഷീൽ ഡ് ടെയിൽ എന്ന പാമ്പിനെ ലോക ത്ത് പേരിയ റിസർവ്വ് ഫോറസ്റ്റിൽ മാ ത്രമേ കണ്ടെത്തിയിട്ടുള്ളു.

ഒരു വനമേഖലയുടെ ആരോഗ്യ ത്തിന്റേയും വൈവിധ്യത്തിന്റേയും അളവുകോലായി അവിടുത്തെ ചിത്ര ശലഭങ്ങളുടെ വൈവിധ്യത്തെ കണ ക്കാക്കാം. കേരളത്തിൽ ഇതുവരെ ക ണ്ടെത്തിയ 313 ഇനം ചിത്രശലഭങ്ങ ളിൽ 109 ഇനത്തെ ഇവിടെ കണ്ടെ ത്തുകയുണ്ടായി. ഉരഗങ്ങൾ, ഉഭയജീ വികൾ, മറ്റു ചെറിയ ജീവികൾ എ ന്നിവയെക്കുറിച്ച് പഠനം നടത്തിയിട്ടി ല്ലാത്തതുകൊണ്ട് അവരുടെ വൈവി ധ്യം തിട്ടപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. എങ്കിലും ഇവയുടെയും സാന്നിധ്യം കൊണ്ട് സമ്പന്നമാണീ പ്രദേശം. ത നിമയുടെ ഈ ജീവവ്യൂഹത്തിനു മു കളിലൂടെയാണ് റോഡ് വെട്ടിത്തുറ ക്കാനുള്ള പുറപ്പാട്.

## റോഡ് വേണമെന്നു പറയുന്നവർക്കുള്ള ഗൂഢലക്ഷ്യങ്ങൾ

കാടിനെ നശിപ്പിച്ചുണ്ടാക്കുന്ന റോഡിനു വരുന്ന ചെലവിന്റെ 25 ശ തമാനം വഹിക്കാമെന്ന് കേരളവ്യാപാ രി വ്യവസായി ഏകോപന സമിതി ഏറ്റിട്ടുണ്ട്. അവരെ സംബന്ധിച്ചിട ത്തോളം കൂടുതൽ ലാഭമുണ്ടാക്കാനു ള്ള സാഹചര്യമാണ് വേണ്ടത്. റോ ഡ് ഏറ്റവും കൂടുതൽ ആവശ്യമുള്ള മറ്റൊരു വിഭാഗം റിയൽ എസ്റ്റേറ്റ് മാ ഫിയയാണ്. അവർക്ക് ഭൂമിയുടെ വി ല വർദ്ധിപ്പിക്കാനുള്ള ഒരു ഉപാധിയാ ണ് റോഡ്. ബാക്കിയുള്ള വനസമ്പ ത്തിനെ ചൂഷണം ചെയ്യുന്നതിനും പൂമ്പാറ്റകളും ഷഡ്പദങ്ങളും സസ്യ ങ്ങളുമടങ്ങുന്ന ജൈവസമ്പത്തിനെ പിടിച്ചു കടത്തി കൊണ്ടുപോകുന്ന തിനും, ടൂറിസം ലോബിയുടെ വളർ ച്ചക്കും ഇത് വഴിവെക്കും. ഇതിനെ ല്ലാം പുറമെ കാടിന് നടുവിലൂടെയു ള്ള ഈ റോഡിന്റെ നിർമ്മാണം ദേ ശവിരുദ്ധ ഭീകരപ്രസ്ഥാനങ്ങളുടെ പ്ര വർത്തനങ്ങൾക്ക് ആക്കം കൂട്ടാനുള്ള സാധ്യതയെ തള്ളിക്കളഞ്ഞുകൂടാ.

കുഞ്ഞോം വിലങ്ങോട് റോഡിനു വേണ്ടി നടക്കുന്ന പ്രവർത്തനങ്ങൾ കാടിനുണ്ടാകുന്ന പ്രശ്നങ്ങൾ മനസ്സി ലാക്കി ഇത്തരം പ്രവർത്തനങ്ങളെ പ്ര തിരോധിക്കുവാനുള്ള ഇടപെടലുകൾ ഉടൻ നടത്തേണ്ടിയിരിക്കുന്നു.

ബന്ധങ്ങൾക്ക്: 9544329811